# പോലീസ് വകുപ്പ്

## കേരളം

**No.H2-5184/2023/DR(1)**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
☏04962523031
തീയതി.05-09-2023

**DO No. 528/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി:- ശ്രീ.സജിത്ത്.കെ.കെ (PEN 607985), CPO 10123,താമരശ്ശേരി പി.എസ് കോഴിക്കോട് റൂറൽ എന്നയാൾക്കെതിരെയുള്ള വാക്കാലല്ലാത്ത അന്വേഷണം -(H2/PR-02/2023/DR)പി.ആർ. മിനുറ്റ്സിൽ തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) 02/02/2023 തിയ്യതിയിലെ H2/5184/2023/DR(1) നമ്പർ നടപടിക്രമം
2) 15/05/2023 തിയ്യതി ഇൻസ്പെക്ടർ എസ്.എച്ച്.ഓ, കൂരാച്ചുണ്ട് പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) ശ്രീ.സജിത്ത്.കെ.കെ എന്നവർക്കുള്ള 18/05/2023 തിയ്യതിയിലെ H2/5184/2023/DR നമ്പർ നോട്ടീസ് (H2/PR-02/2023/DR)
4) ശ്രീ.സജിത്ത്.കെ.കെ സമർപ്പിച്ച 27/05/2023 തിയ്യതിയിലെ മറുപടി
5) ശ്രീ.സുരേഷ് കുമാർ.ടി.ടി എന്നവർക്കുള്ള 18/05/2023 തിയ്യതിയിലെ H2/5184/2023/DR നമ്പർ നോട്ടീസ് (H2/PR-01/2023/DR)
6) ശ്രീ.സുരേഷ് കുമാർ.ടി.ടി, RSI (G), DHQ, കോഴിക്കോട് റൂറൽ സമർപ്പിച്ച 31/05/2023 തിയ്യതിയിലെ മറുപടി

**ശ്രീ.സജിത്ത്.കെ.കെ (PEN 607985), CPO 10123** എന്നയാൾ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവെ, 17.01.2023 തിയ്യതി രാവിലെ വടകര NDPS കോടതിയിൽ ഹാജരാക്കുന്ന ആവശ്യത്തിലേക്ക് FIR, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പുകൾ രാത്രിയതിനാൽ സ്വകാര്യസ്ഥാപനങ്ങൾ പൂട്ടിയതിനാൽ, എടുക്കുന്നതിനായി 16.01.2023 തിയ്യതി രാത്രി കോഴിക്കോട് റൂറൽ എ ആർ ക്യാമ്പിലെത്തിയിരുന്നു എന്നും കുറച്ചു പകർപ്പെടുത്ത സമയം അവിടെ എത്തിയ അന്നത്തെ ഡ്യൂട്ടി ഓഫീസർ ചാർജ് വഹിച്ചിരുന്ന GRSI ശ്രീ സുരേഷ് കുമാർ ടി ടി തുടർന്നു പകർപ്പെടുക്കാൻ അനുവദിക്കാതെ തിരിച്ചയച്ചെന്നും തുടർന്നു ടിയാൻ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ എത്തിയാണ് പകർപ്പെടുത്താതെന്നും ഈ സംഭവവുമായി ബന്ധപ്പെട്ടു 17.01.2023 തിയ്യതിയിൽ ചില പോലീസ് വാട്സപ് ഗ്രൂപ്പുകളിൽ CPO 10123 സജിത്ത് പോസ്റ്റ് ചെയ്ത രീതിയിൽ 16.01.2023 ന നടന്ന ഈ സംഭവം മോശമായ രീതിയിൽ DHO ഡ്യൂട്ടി ഓഫീസറെ പരാമർശിച്ച് പോസ്റ്റ് ചെയ്തതായും ബ്രാഞ്ച് DySP യുടെ അന്വേഷണ റിപ്പോർട്ടിൽ നിന്നും ബോധ്യമായിട്ടുള്ളതാണ് .

കോടതിയിൽ സമർപ്പിക്കുന്നതിനുള്ള രേഖകൾ പ്രിൻറ് എടുക്കുന്നതിന് വേണ്ടി DHO ഓഫീസിൽ എത്തിയ താമരശ്ശേരി പോലീസ് സ്റ്റേഷനിലെ സജിത്തിനെ (CPO 10123) മറ്റ് സ്റ്റേഷനിൽ പോയി പ്രിൻറെടുക്കാൻ പറഞ്ഞു DHQ വിൽ നിന്നും പ്രിൻറെടുക്കാൻ അനുവദിക്കാതെ ശ്രീ സുരേഷ് കുമാർ ടി ടി RSI(G) തിരിച്ചയച്ചതിനെക്കുറിച്ച് പരാതി ഉണ്ടായിരുന്നെങ്കിൽ ആയത് മേലധികാരികളെ ഉചിതമായ മാർഗത്തിലൂടെ അറിയിച്ച് പരിഹാരം തേടുന്നതിന് പകരം സാമൂഹ്യ മാധ്യമമായ whatsapp ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു പ്രചരിപ്പിച്ചതിലൂടെ ശ്രീ സജിത്ത് CPO 10123 എന്നയാളുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി പ്രഥമദൃഷ്ട്യാ ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1958 ലെ KPDIP & A ചട്ടങ്ങളിലെ റൂൾ 6 പ്രകാരം ഒരു വാക്കാലല്ലാത്ത അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും, അന്വേഷണം നടത്തി പി.ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് ഇൻസ്പെക്ടർ എസ്.എച്ച്.ഓ, കൂരാച്ചുണ്ട് പി.എസ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

വാക്കാലല്ലാത്ത അന്വേഷണത്തിന് ശേഷം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും ഞാൻ പരിശോധിക്കുകയുണ്ടായി. മേൽ വിഷയവുമായി ബന്ധപ്പെട്ട്, സൂചന 4 പ്രകാരം ശ്രീ.സജിത്ത്.കെ.കെ സമർപ്പിച്ച മറുപടി, സൂചന 5 പ്രകാരം ശ്രീ.സുരേഷ് കുമാർ.ടി.ടി എന്നവർക്ക് പി.ആർ മിനുറ്റ്സിന്റെ പകർപ്പ് അയച്ചു കൊടുത്ത നോട്ടീസിന് ശ്രീ.സുരേഷ് കുമാർ.ടി.ടി സൂചന 6 പ്രകാരം സമർപ്പിച്ച വിശദീകരണം എന്നിവ പരിഗണിച്ച് കൊണ്ട് **ശ്രീ.സജിത്ത്.കെ.കെ (PEN 607985), CPO 10123 എന്നവരെ കുറ്റവിമുക്തനാക്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

05-09-2023
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

H2-5184/2023/DR(1)
784481

സ്വീകർത്താവ് : ശ്രീ.സജിത്ത്.കെ.കെ (PEN 607985), CPO 10123, എന്നവർക്ക് എസ്.എച്ച്.ഓ , താമരശ്ശേരി പി.എസ്, കോഴിക്കോട് റൂറൽ മുഖാന്തിരം

പകർപ്പ് : 1)എസ്.എച്ച്.ഓ , താമരശ്ശേരി പി.എസ്, കോഴിക്കോട് റൂറ - നടത്തിപ്പിനും, തീയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും

2) അഡിഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്,സി.എ എന്നിവരുടെ അറിവിലേക്കായി

4) എ1 മുതൽ എ5(B), ബി1, ബി2, ബി3, എഫ് 1 മുതൽ എഫ്5 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി

5) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ